പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :164 — 09.06.2014 ൽ മറുപടിക്ക്

## പിടിച്ചെടുത്ത മണൽ ലോറികളിന്മേൽ സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | | മറുപടി<br>ശ്രീ.രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | പോലീസും റവന്യൂ അധികാരികളും പിടിച്ചിട്ട മണൽ ലോറികൾ സ്റ്റേഷൻ പരിസരത്തും റോഡുകളിലും അനാഥമായി കിടക്കുന്നതു മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വ്യാപകമായ മണൽ ക്ഷാമവും മണൽ വിലവർദ്ധനയും നിലവിലുള്ള സാഹചര്യത്തിൽ മണലും വാഹനങ്ങളും നശിച്ചുപോകുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | പിടിച്ചെടുത്ത മണലും വാഹനങ്ങളും തീർപ്പ് കൽപ്പിക്കുന്നതിനായി യഥാസമയങ്ങളിൽ റവന്യൂ അധികാരികൾക്കും ബന്ധപ്പെട്ട കോടതികൾക്കും റിപ്പോർട്ട് സമർപ്പിച്ച് വരുന്നു. |
| (സി) | യഥാസമയം നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതു മൂലം സർക്കാരിനുള്ള നഷ്ടവും വാഹനങ്ങൾ കിടക്കുന്നതുമൂലമുള്ള ഗതാഗത തടസ്സവും മറ്റു ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | പോലീസ് പിടിച്ചെടുക്കുന്ന മണൽ ഉൾപ്പെടെയുള്ള വാഹനങ്ങൾ താമസംവിനാ ബന്ധപ്പെട്ട ബഹു. കോടതി മുമ്പാകെ ഹാജരാക്കി വരുന്നതും റവന്യൂഅധികാരികൾക്ക് മഹസർ സഹിതം റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്യുന്നു. |
| (ഡി) | മലപ്പുറം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | പോലീസ് പിടിച്ചെടുത്ത മണൽക്കടത്ത് വാഹനങ്ങൾ തീർപ്പാക്കുന്നതിന് ലേല നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുസ്ഥലങ്ങളിൽ നിന്ന് ഇവ നീക്കം ചെയ്യുന്നതിനുള്ള നടപടികളും പോലീസ് സ്വീകരിച്ചുവരുന്നു. |

സെക്ഷൻഓഫീസർ